# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലന്തൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ.പി 5 - 422/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 30/06/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലന്തൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.ടി.എ.പി 5 - 422/2021 തീയ്യതി: 30/06/2021

## പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അനിൽകുമാർ റ്റി.,ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺ പി.ബി., സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനിൽകുമാർ പി., സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ.സുനിൽകുമാർ., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എസ്.സിജു | പ്രസിഡന്റ് | 01-04-2019 | 23-11-2019 |
| ശ്രീമതി മിനിജോൺ | പ്രസിഡന്റ് | 24-11-2019 | 11-12-2019 |
| ശ്രീ കെ.പി.മുകുന്ദൻ | പ്രസിഡന്റ് | 12-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി.കെ രാധാകൃഷ്ണൻനായർ | അസ്സി.സെക്രട്ടറി | 01-04-2019 | 19-12-2019 |
| ശ്രീമതി അർച്ചന കെ.എസ് | അസ്സി.സെക്രട്ടറി | 20-12-2019 | 29-01-2020 |
| ശ്രീ അജുദേവ് വി. | അസ്സി.സെക്രട്ടറി | 30-01-2020 | 31-03-2020 |
| ശ്രീമതി നിമിഷാ സാറാ ജയിംസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| അനുമോൾ ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.രാജു മാത്യൂ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീലേഖ വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 16-12-2019 |
| ശ്രീമതി സരോജം ജി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17-12-2019 | 31-03-2020 |
| ശ്രീമതി അനിതകുമാരി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 03-06-2019 |
| ശ്രീമതി വനജ എം. | ഹെഡ്മിസ്ട്രസ്സ് | 03-03-2019 | 31-03-2020 |
| ശ്രീ നിധീഷ് ചന്ദ്രൻ | വി.ഇ.ഒ | 01-04-2019 | 09-07-2019 |
| ശ്രീ ഷംനാദ് എ. | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ രാഹുൽ കെ.ആർ. | വി.ഇ.ഒ | 10-07-2019 | 31-03-2020 |
| ഡോ.ശീതൾ സുഗതൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.ലക്ഷ്മി ബലരാമൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി സീനാകുമാരി | അസ്സി.എഞ്ചിനീയർ | 01-04-2019 | 04-12-2019 |
| ശ്രീമതി ലക്ഷ്മി പ്രിയ റ്റി.ആർ | അസ്സി.എഞ്ചിനീയർ | 05-12-2019 | 30-12-2019 |
| ശ്രീമതി സീനാകുമാരി | അസ്സി.എഞ്ചിനീയർ | 31-12-2019 | 31-03-2020 |
| ശ്രീ.വിനോദ് എൻ | മെഡിക്കൽ ഓഫീസർ ആയൂർവേദം | 01-04-2019 | 31-12-2019 |
| ശ്രീമതി ശ്രീദേവി നമ്പൂതിരി | മെഡിക്കൽ ഓഫീസർ ആയൂർവേദം | 01-01-2020 | 28-02-2020 |
| ഡോ മഞ്ജു പി.കെ. | മെഡിക്കൽ ഓഫീസർ ആയൂർവേദം | 01-03-2020 | 31-03-2020 |
| ശ്രീ.കെ.സി.സുരേഷ്കുമാർ | സെക്രട്ടറി | 01-04-2019 | 10-07-2019 |
| ശ്രീ സി.കെ രാധാകൃഷ്ണൻനായർ | സെക്രട്ടറി (ചാർജ്ജ്) | 11-07-2019 | 18-07-2019 |
| ശ്രീ.ജി.അനിൽകുമാർ | സെക്രട്ടറി | 19-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 1-10 |
| 11 | വാണിജ്യാവശ്യത്തിന് കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിൽ അപാകത<br>Written By: Sunilkumar.U.S (Auditor, On 30-06-2021)<br>Last Updated By: Sunilkumar.U.S (Auditor, On 30-06-2021) | 1-11 |
| 12 | വസ്തുനികുതി നിർണ്ണയിച്ചതിലെ പിഴവ് ചൂണ്ടികാണിച്ചിട്ടും നടപടി സ്വീകരിച്ചില്ല<br>Written By: Sunilkumar.U.S (Auditor, On 26-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-12 |
| 13 | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കാൻ അവശേഷിക്കുന്നു<br>Written By: Sunilkumar.U.S (Auditor, On 26-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-13 |
| 14 | പശ്ചാത്തല മേഖലയിൽ ഫലപ്രാപ്തിയില്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു; ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല<br>Written By: T Anilkumar (Audit Officer, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-14 |
| 15 | മരാമത്ത് പ്രവൃത്തികൾക്ക് ചട്ടം അനുശാസിക്കുന്ന | 1-15 |

| | | |
|---|---|---|
| | സമയപരിധിക്കുള്ളിൽ പേയ്മെന്റ് നൽകുന്നില്ല<br>Written By: T Anilkumar (Audit Officer, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | |
| 16 | കരാറുകാരുമായി എഗ്രിമെന്റ് വെച്ചതിനുശേഷം നടപടി ക്രമങ്ങൾ പാലിക്കാതെ പ്രവൃത്തികൾ ഉപേക്ഷിച്ചു<br>Written By: T Anilkumar (Audit Officer, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-16 |
| 17 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു<br>Written By: T Anilkumar (Audit Officer, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-17 |
| 18 | നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു<br>Written By: Arun P B (Senior Grade Auditor, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-18 |
| 19 | വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-19 |
| 20 | ഓ.ഡി.എഫ്- ഗുണഭോക്താക്കളെ ഗ്രാമസഭയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചിട്ടില്ല<br>Written By: Arun P B (Senior Grade Auditor, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-20 |
| 21 | ഭവന നിർമ്മാണ, ഭവന പുനരദ്ധാരണ പദ്ധതികളിൽ മുൻകൂർ കൈപ്പറ്റിയവർ പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Arun P B (Senior Grade Auditor, On 26-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-21 |
| 22 | സംയുക്ത പദ്ധതികൾക്കുള്ള അക്കൗണ്ടിൽ തുക അവശേഷിക്കുന്നു - മാർഗ്ഗരേഖയുടെ ലംഘനം<br>Written By: T Anilkumar (Audit Officer, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-22 |
| 23 | സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല<br>Written By: T Anilkumar (Audit Officer, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-23 |
| 24 | അഗതിരഹിത കേരളം-പദ്ധതി അവലോകനം<br>Written By: Arun P B (Senior Grade Auditor, On 26-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-24 |
| 25 | ആസ്തി സംരക്ഷണത്തിൽ വീഴ്ച - സ്റ്റേഡിയം വക സ്ഥലം റവന്യൂ രേഖകളിൽ പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തിയിട്ടില്ല<br>Written By: T Anilkumar (Audit Officer, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-25 |
| 26 | പാലിയേറ്റീവ് കെയർ - മരുന്നും ഉപകരണങ്ങളും ലഭിച്ചില്ല<br>Written By: P Anilkumar (Auditor, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-26 |
| 27 | അങ്കണവാടികൾക്ക് അടിസ്ഥാന സൌകര്യങ്ങൾ കുറവ്<br>Written By: P Anilkumar (Auditor, On 27-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |

| | | |
|---|---|---|
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sunilkumar.U.S (Auditor, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: P.K Vijayalakshmi (Deputy Director, On 29-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P Anilkumar (Auditor, On 25-06-2021)<br>Last Updated By: C. Anilkumar (Audit Officer, On 30-06-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sunilkumar.U.S (Auditor, On 27-06-2021)<br>Last Updated By: Arun P B (Senior Grade Auditor, On 29-06-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

<u>ഭാഗം -1</u>

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 14.02.2019തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 22.02.2020തീയതിയിലെ III(I)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 14.02.2019തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 22.02.2020തീയതിയിലെ III(I)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികധനകാര്യ പത്രിക 30.04.2020-ന് ഇ-സബ്മിറ്റ് ചെയ്തിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ പറയുന്നു.

1. 26.7.2011-ലെ സ.ഉ(കൈ.)152/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീകരിച്ചിട്ടില്ല.
2. ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 15816 രൂപ വരവുണ്ട്. എന്നാൽ എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 2324 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ക്രമീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11171561 |
| വരവ് | 44655582 |
| ആകെ | 55827143 |
| ചെലവ് | 45861209 |
| നീക്കിയിരിപ്പ് | 9965934 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | ബജറ്റ് പ്രകാരം അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8007605 | 8007605 | 7091145 | 916460 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7142261 | 7142261 | 4535810 | 2606451 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 130000 | 130000 | 130000 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് (ACR പ്രകാരം) | 0 | 12586130 | 12586130 | 7949503 | 4636627 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് (ACR പ്രകാരം) | 0 | 3901000 | 3901000 | 1821008 | 2079992 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6549912 | 6549912 | 5752212 | 797700 |

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 9787758 | 9787758 | 9787758 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3686 | 541374 | 545060 | 545060 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ICDS | | 633936 | 378707 | 1012643 | 449728 | 562915 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 860801 | 96000 | 956801 | 894977 | 61824 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിമുക്തി | | 27125 | 0 | 27125 | 26298 | 827 |
| കേരളോത്സവം | | 0 | 20000 | 20000 | 20000 | 0 |
| 100തൊഴിൽ ദിനം ബോണസ് | | 0 | 115000 | 115000 | 115000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 170000 | 170000 | 170000 | 0 |
| | ജില്ലാ പഞ്ചായത്ത് | 1091612 | 0 | 1091612 | 559954 | 531658 |
| ബി ഫണ്ട് | | 0 | 7382100 | 7382100 | 7382100 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6059570 | 9206753 | 15266323 | 8772604 | 6493719 |
| | ട്രഷറി അക്കൗണ്ട് | 4016693 | 7194096 | 11210789 | 8270232 | 2940557 |
| Pencil Programme By KILA For Children | | 0 | 6500 | 6500 | 6500 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 50882539 | 120 | 32844950 | 47 | 24 | 87.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 9787758 | 9787758 | 9787758 | 0 |
| ഭരണചെലവുകൾ | 3686 | 541374 | 545060 | 545060 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9000 | 5 |
| | | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 966600 | 279 |
| വിധവാപെൻഷൻ | 1629600 | 492 |
| വാർദ്ധക്യകാലപെൻഷൻ | 4092600 | 1226 |
| വികലാംഗപെൻഷൻ | 606300 | 113 |
| അവിവാഹിതർക്കുള്ള പെൻഷൻ | 48000 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.06.2021 ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1786 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തുകയും, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുകയും ചെയ്തിട്ടുണ്ട്. രേഖകളും, രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുകയും, ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ജീവനക്കാരിൽതന്നെ നിക്ഷിപ്തമാവാതെ ചുമതലകൾ വേർതിരിച്ച് സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളും, പ്രവർത്തനങ്ങളും സുഗമമായി മുന്നോട്ടു നീങ്ങുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.01.2020 To 25.01.2020 | 11/2018 And 12/2018 | 11.03.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.04.2008 | 1997-98 To 2007-08 | 19.06.2008 |

## 1-11 വാണിജ്യാവശ്യത്തിന് കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിൽ അപാകത

വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിലെ അപാകത കാരണം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വസ്തുനികുതി ച.മീറ്ററിന് 50 രൂപ നിരക്കിലാണ്. എന്നാൽ ശ്രീ.സാമുവേൽ തോമസ്, മുട്ടത്തിൻ കാലായിൽ, ഇലന്തൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 305/A കെട്ടിടത്തിന് 2019-20സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ചിട്ടുള്ളത് 100ച.മീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ ച.മീറ്ററിന് 40 രൂപ എന്നുള്ള നിരക്കിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി (5% | ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വിലാസവും, കെട്ടിട നം | | | ഗ്രന്ഥശാല വരി,10% സേവന ഉപനികുതി ഉൾപ്പെടെ) | |
| ശ്രീ.സാമുവേൽ തോമസ് മുട്ടത്തിൻ കാലായിൽ ഇലന്തൂര് | 124 ച.മീ | 6504 രൂപ | 8556 | 2052 |

സഞ്ചയയിൽ Form-6 Entry ചെയ്യപ്പോൾ സംഭവിച്ച പിഴവുമൂലമാണ് അപാകത സംഭവിച്ചതെന്നും ഡാറ്റ പ്യൂരിഫിക്കേഷന് അനുമതി നൽകുന്ന അവസരത്തിൽ പുതുക്കിയ നിരക്കിൽ നികുതി ഈടാക്കുന്നതാണെന്നും അപാകത ചൂണ്ടികാണിച്ച് നൽകിയ അന്വേഷണകുറിപ്പിന് (12/24.06.21) സെക്രട്ടറി നൽകിയ മറുപടി അംഗീകരിക്കുന്നു. കെട്ടിടത്തിന്റെ ഉപയോഗക്രമം കൃത്യമാക്കി ഗ്രാമപഞ്ചായത്തിനുണ്ടായ വരവ് നഷ്ടം പരിഹരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയിച്ചതിലെ പിഴവ് ചൂണ്ടികാണിച്ചിട്ടും നടപടി സ്വീകരിച്ചില്ല

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമാണ് വസ്തുനികുതി. ഏതാനും കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ പിഴവ് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നതായി 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും ടി കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

| കെട്ടിട നം | കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റതറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം |
|---|---|---|---|---|---|
| 3/529 | ഡോ നോബിൾ തോമസ് മേമുറിയിൽ പ്രശാന്തിൽ ഇലന്തൂർ | 122.48 $M^2$ | 122.48 X 40 = 4899 രൂപ | 122.48 X 50 = 6124 രൂപ | 1225 |
| 3/530 | പി.എം.ജോസ് പൊയ്കയിൽ ഇലന്തൂർ | 130 $M^2$ | 130 X 40 = 5200 രൂപ | 130 X 50 = 6500 രൂപ | 1300 |
| 3/531 | ഡോ നോബിൾ തോമസ് മേമുറിയിൽ പ്രശാന്തിൽ ഇലന്തൂർ | 168.60 $M^2$ | 168.6 X 40 = 6744 രൂപ | 168.6 X 50 = 8430 രൂപ | 1686 |
| 3/532 | ഡോ. നോബിൾ തോമസ് | 182.46 $M^2$ | 182.46 X 40 = 7298 രൂപ | 182.46 X 50 = 9123 രൂപ | 1825 |

| | | | | | |
|---|---|---|---|---|---|
| | മേമൂറിയിൽ പ്രശാന്തിൽ ഇലന്തൂർ | | | | |
| 3/533 | ഡോ. നോബിൾ തോമസ് മേമൂറിയിൽ പ്രശാന്തിൽ ഇലന്തൂർ | 145.52 $M^2$ | 145.52 X 40 = 5821 രൂപ | 145.52 X 50 = 7276രൂപ | 1455 |
| | | | | ആകെ | 7491 |

2. <u>വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്ന</u>

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ അല്ലാത്തപക്ഷം ഒറ്റ യൂണിറ്റായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടതാണ്. ഇത്തരത്തിൽ നികുതി നിർണ്ണയിക്കാത്തതുമൂലം ഉണ്ടായ വരുമാന നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേരും വിലാസവും | തറ വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി | ഈടാക്കേണ്ട വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 3/32 B | നോബിൽ തോമസ് മേമൂറിയിൽ പ്രശാന്തിൽ ഇലന്തൂർ | 87.26 $M^2$ | 87.26x40= 3490 | 87.26x 50= 4363 | 873 |
| 2 | 3/32 C | ,, | 34.47$m^2$ | 34.47x 40= 1379 | 34.47x 50= 1724 | 345 |
| | | ആകെ വിസ്തീർണ്ണം | 121.73$m^2$ | | | 1218 |
| 1 | 3/63 A | റിയാ റോയി മാമ്മൻ/ സാറാ റോയി മാമ്മൻ കളീക്കൽ കിഴക്കേക്കര ഇലന്തൂർ | 30.31 $M^2$ | 30.31x 40= 1212 | 30.31x 50= 1516 | 304 |
| 2 | 3/63 B | ,, | 27 $M^2$ | 27 X 40= 1080 | 27 X 50= 1350 | 270 |
| 3 | 3/63 C | ,, | 26.84 $M^2$ | 26.84x 40= 1074 | 26.84x 50= 1342 | 268 |
| 4 | 3/63 D | ,, | 29.28 $M^2$ | 29.28x 40= 1171 | 29.28x 50=1464 | 293 |
| 5 | 3/63 E | ,, | 36.41 $M^2$ | 36.41x 40= 1456 | 36.41x 50= 1821 | 365 |
| 6 | 3/63 F | ,, | 39.66$m^2$ | 39.66x 40= | 39.66x 50= | 397 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 1586 | 1983 | |
| 7 | 3/63 G | ,, | 37.2 $M^2$ | 37.2 X 40= 1488 | 37.2 X 50= 1860 | 372 |
| 8 | 3/63 H | ,, | 35.76 $M^2$ | 35.76x 40= 1430 | 35.76x 50= 1788 | 358 |
| 9 | 3/63 I | ,, | 27 $M^2$ | 27 X 40= 1080 | 27 X 50= 1350 | 270 |
| 10 | 3/63 J | ,, | 27 $M^2$ | 27 X 40= 1080 | 27 X 50= 1350 | 270 |
| 11 | 3/63 K | ,, | 29.16 $M^2$ | 29.16x 40= 1166 | 29.16x 50=1458 | 292 |
| 12 | 3/63 M | ,, | 35.01 $M^2$ | 35.01x 40= 1400 | 35.01x 50= 1751 | 351 |
| 13 | 3/63 O | ,, | 37.2 $M^2$ | 37.2 X 40= 1488 | 37.2 X 50= 1860 | 372 |
| | | ആകെ | 413.18$m^2$ | | | 4182 |
| 1 | 3/510 | ജോബി ജോർജ്ജ് കുറുന്തോട്ടത്തിൽ ഇലന്തൂർ | 38.15$m^2$ | 38.15x 40= 1526 | 38.15x 50= 1908 | 382 |
| 2 | 3/511 | ,, | 36.20 $M^2$ | 36.2 X 40= 1448 | 36.2 X 50= 1810 | 362 |
| 3 | 3/512 | ,, | 20.03$m^2$ | 20.03x 40= 1448 | 20.03x 50= 1810 | 362 |
| 4 | 3/513 | ,, | 36.20 $M^2$ | 35.2 X 40= 1408 | 35.2 X 50= 1751 | 343 |
| 5 | 3/514 | ,, | 39.50 $M^2$ | 39.5 X 40= 1580 | 39.5 X 50= 1975 | 395 |
| 6 | 3/515 | ,, | 37.91 $M^2$ | 37.91x 40= 1516 | 37.91x 50= 1896 | 380 |
| 7 | 3/516 | ,, | 34.49$m^2$ | 34.49x 40= 1380 | 34.49x 50= 1725 | 345 |
| | | ആകെ | 242.48 $M^2$ | | | 2569 |
| 1 | 11/202A | പ്രസന്ന കുമാർ പ്രസന്ന വിലാസം ഇലന്തൂർ | 33$m^2$ | 33 X 40= 1320 | 33 X 50= 1650 | 330 |
| 2 | 11/202 B | ,, | 8.25 $M^2$ | 8.25 X 40= 330 | 8.25 X 50= 413 | 83 |
| 3 | 11/202 C | ,, | 11.41 $M^2$ | 11.41x 40= 456 | 11.41x 50= 571 | 115 |
| 4 | 11/202 D | ,, | 19.5 $M^2$ | 19.5x 40= 780 | 19.5 X 50= 975 | 195 |
| 5 | 11/202 | ,, | 33$m^2$ | 33 X 40= | 33 X 50= | 330 |

| | | | | | | |
|---|---|---|---|---|---|---|
| | E | | | 1320 | 1650 | |
| 6 | 11/202 F | ,, | 13.61m$^2$ | 13.61x 40= 544 | 13.61x50=681 | 137 |
| 7 | 11/202 G | ,, | 24.48m$^2$ | 24.48x 40= 979 | 24.48x 50= 1224 | 245 |
| 8 | 11/202 H | ,, | 8.25 M$^2$ | 8.25 X 40= 330 | 8.25 X 50= 413 | 83 |
| | | ആകെ | 151.50 M$^2$ | | | 1518 |
| 1 | 13/258 A | സഖറിയ താഴയിൽ ഇലന്തൂർ | 27.04 M$^2$ | 27.04x 40= 1082 | 27.04x 50= 1352 | 270 |
| 2 | 13/258 B | ,, | 23.32 M$^2$ | 23.32x 40= 933 | 23.32x 50= 1166 | 233 |
| 3 | 13/258 C | ,, | 60.64 M$^2$ | 60.64x 40= 2426 | 60.64x 50= 3032 | 606 |
| | | ആകെ | 111 M$^2$ | | | 1109 |
| | | | | | ആകെ | 10596 |

## 1-13 ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കാൻ അവശേഷിക്കുന്നു

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും 28-09-2013-ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഈ ഇനത്തിൽ എക്സി. എഞ്ചിനിയറുടെ അക്കൌണ്ടിൽ ഒടുക്കിയ തുക തിരികെ ഈടാക്കുന്നതിന് നടപടി കൈക്കൊള്ളുന്നില്ല. 2016-17 സാമ്പത്തിക വർഷം മുതൽ 2018-19 വരെ ഈ ഇനത്തിൽ തിരികെ ലഭിക്കാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ടെൻഡറുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ |
|---|---|---|
| 2017-18 | 8 | 22950 |
| 2018-19 | 2 | 13888 |
| 2019-20 | 2 | 8856 |
| ആകെ | 12 | 45694 |

ഗ്രാമപ്പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീസ് തുക തിരികെ ഈടാക്കുന്നതിനും, ഇ-ടെൻഡറുമായി ബന്ധപ്പെട്ട് ഇടപാടുകൾ നടത്തുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങളും അക്കൗണ്ട് തുടങ്ങണമെന്ന എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറുടെ 21.09.2019-ലെ ഡി.സി3/524/2019/ത.സ്വ.ഭ.വ-ന്റെ സർക്കുലറിലെ നിർദ്ദേശവും പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോടും പഞ്ചായത്ത് ഭരണസമിതിയോടും ശുപാർശ ചെയ്യുന്നു.

## 1-14 പശ്ചാത്തല മേഖലയിൽ ഫലപ്രാപ്തിയില്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു; ടെണ്ടറുകൾക്ക് മത്സര സ്വഭാവം ഇല്ല

പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതി ആവിഷ്കരിക്കുന്നതിനു പകരം പശ്ചാത്തല മേഖലയിൽ ലഭ്യമായ ഫണ്ട് വാർഡ് അടിസ്ഥാനത്തിൽ വീതംവെച്ച് ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളാണ് അവിഷ്കരിച്ച്

നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റ് വർഷം റോഡ് നിർമ്മാണത്തിനായി 75 പുതിയ പ്രോജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. ഇവയിൽ 74 പ്രോജക്ടുകളും 5 ലക്ഷത്തിൽ താഴെ അടങ്കലുള്ളവയായിരുന്നു. ഭൂരിപക്ഷം പ്രോജക്ടുകളും 50 മീറ്ററിൽ താഴെ കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളവയായിരുന്നു. ഗതാഗത മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവാകുകയും തൽഫലമായി മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനുള്ള സാധ്യത ഇല്ലാതാകുകയും ചെയ്തു. മാത്രമല്ല ടെണ്ടർ സേവിംഗ്സ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന തുകയും ഇതുമൂലം നഷ്ടമായി. കൂടാതെ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ പാടില്ലെന്ന സർക്കാർ നിർദ്ദേശവും അവഗണിക്കപ്പെട്ടു.

വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന തുക പഞ്ചായത്ത് അംഗങ്ങളുടെ എണ്ണത്തിന് അനുസരിച്ച് വീതിച്ചെടുത്ത് ഓരോ വാർഡിലും ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും പദ്ധതികൾ ഏറ്റെടുക്കുന്നതു മൂലം പ്രോജക്ടുകളുടെ എണ്ണം കൂടുന്നു. ഗ്രാമസഭകളിൽ പങ്കാളിത്തം കുറവാണെന്നുമാത്രമല്ല ഈ പദ്ധതികളുടെ ആവശ്യകതയെക്കുറിച്ച് പ്രസക്തമായ ചർച്ചകളും നടക്കുന്നില്ല. സമഗ്രമായ വികസന ആവശ്യങ്ങൾക്കല്ലാതെ വാർഡ് പ്രാതിനിധ്യത്തിന്റെ പേരിൽ മാത്രം പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ്. അടിത്തട്ടിലെ വികസനത്തിനായി സർക്കാർ നീക്കിവയ്ക്കുന്ന തുകയാണ് ഇപ്രകാരം ഫല ക്ഷമതയില്ലാത്ത പദ്ധതികൾക്കായി പഞ്ചായത്ത് നേരിയ തോതിൽ വിന്യസിക്കുന്നത്. പദ്ധതിപ്പണം, നാടിന്റെ വികസനാവശ്യങ്ങൾ സാധ്യമാക്കുന്നതിനും ജനക്ഷേമം ഉറപ്പുവരുത്തുന്നതിനും കഴിയുന്ന തരത്തിൽ പഞ്ചായത്തിന്റെ ആസൂത്രണ പ്രക്രിയയിൽ കാതലായ മാറ്റം കൊണ്ടുവരുന്നതിന് പഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികൾക്ക് ചട്ടം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ പേയ്മെന്റ് നൽകുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15(7) പ്രകാരം ഒരു പൊതുമരാമത്ത് പണി പൂർത്തിയായിക്കഴിഞ്ഞാൽ കരാറുകാരൻ രേഖാമൂലം വിവരം പഞ്ചായത്ത് സെക്രട്ടറിയെയും പഞ്ചായത്തിനെ അറിയിക്കേണ്ടതും, അറിയിപ്പ് കിട്ടി ഒരാഴ്ചയ്ക്കകം പണികളുടെ അളവെടുക്കലും ചെക്ക്മെഷർമെന്റ് നടത്തലും പൂർത്തിയാക്കേണ്ടതും, അതിനു ശേഷം രണ്ടാഴ്ചയ്ക്കകം പണിയുടെ അവസാന പേയ്മെന്റ് നടത്തേണ്ടതുമാണ്. 2019-20-ലെ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ കരാറുകാർക്ക് യഥാസമയം പേയ്മെന്റ് നൽകുന്നതിൽ വീഴ്ചയുണ്ടായിട്ടുള്ളതായി കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | ചെക്ക് മെഷർ മെന്റ് ചെയ്ത തീയതി | ബിൽ തയ്യാറാക്കിയ തീയതി | പേയ്മെന്റ് നൽകിയ തീയതി |
|---|---|---|---|---|---|---|
| 1 | 159/20 | വാര്യാപുരം മേലിൽ ഭാഗം റോഡ് റീടാറിംഗും, ഐറിഷ് ഡ്രെയിനും (അടങ്കൽ - 504078) | 22.12.18 | 24.12.18 | 05.03.19 | 29.06.19 |
| 2 | 144/20 | 96-ാം നമ്പർ അങ്കണവാടി പുനരുദ്ധാരണം (അടങ്കൽ - 200000) | 23.04.19 | 25.04.19 | 20.03.20 | 28.04.20 |
| 3 | 162/20 | വാർഡ് 5-ലെ 105 നമ്പർ അങ്കണവാടി നവീകരണം (അടങ്കൽ - 350000) | 17.04.19 | 20.04.19 | 24.06.19 | 27.09.19 |
| 4 | 160/20 | മൂത്തേരിപ്പടി - മുഞ്ഞനാട്ടുപടി റോഡ് റീ ടാറിംഗ് (അടങ്കൽ - 640000) | 16.04.19 | 17.04.19 | 27.06.19 | 07.09.19 |
| 5 | 148/20 | വാർഡ് 5-ൽ ഇലന്തൂർ | 15.02.19 | 16.02.19 | 27.02.19 | 30.05.19 |

| | | | | | | |
|---|---|---|---|---|---|---|
| | | ഇടപ്പരിയാരം മുക്കട് റോഡ് പുനരുദ്ധാരണം (അടങ്കൽ - 554000) | | | | |

യഥാസമയം ബിൽ തയ്യാറാക്കി പേയ്മെന്റ് നൽകാത്തതുകാരണം പ്രവൃത്തിയ്ക്ക് വകയിരുത്തുന്ന ഫണ്ട് ലാപ്സാകുകയും, ചെലവ്, തുടർ വർഷത്തെ ഫണ്ടിൽ വകയിരുത്തേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ആയതിനാൽ, പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ ചട്ടം അനുശാസിക്കുന്ന സമയ ക്രമം പാലിക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 കരാറുകാരുമായി എഗ്രിമെന്റ് വെച്ചതിനുശേഷം നടപടി ക്രമങ്ങൾ പാലിക്കാതെ പ്രവൃത്തികൾ ഉപേക്ഷിച്ചു

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി ഫൈനൽ പേയ്മെന്റ് നൽകുകയോ 2019-20-ലെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോ. നം. | പ്രോജക്ട് | കരാറുകാരന്റെ പേര് | കരാർ നം., തീ. |
|---|---|---|---|---|
| 1. | 46 | പൂക്കോട് നാരങ്ങാനം ബൗണ്ടിറി റോഡ്<br>അടങ്കൽ - 296983 | ശ്രീ സന്തോഷ് കുമാർ | 35/AE/LSGD/ELNTR/18-19, Dt. 22.11.18 |
| 2. | 47 | വാർഡ് 2-ൽ ചെമ്പകത്തിനാൽ ഇഞ്ചക്കുഴി റോഡിന്റെ സൈഡ് കെട്ട്<br>അടങ്കൽ - 200000 | ശ്രീ ജിജി വർഗ്ഗീസ് | 48/AE/LSGD/ELNTR/18-19, Dt. 07.112.18 |
| 3. | 50 | വാർഡ് 2-ൽ ചെമ്പകത്തിനാൽ നാരങ്ങാനം റോഡിന്റെ സൈഡ് കെട്ട്<br>അടങ്കൽ - 100000 | ശ്രീ മധുസൂദനൻ നായർ | 74/AE/LSGD/ELNTR/18-19, Dt. 21.01.19 |
| 4. | 70 | പൂക്കോട് 97 നമ്പർ അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം<br>അടങ്കൽ - 280000 | ശ്രീ സി.ജി. മോഹൻ | 64/AE/LSGD/ELNTR/18-19, Dt. 16.01.19 |
| 5. | 74 | ചിറമേൽ സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം | ശ്രീ കെ.കെ. രാജൻ | 71/AE/LSGD/ELNTR/18-19, Dt. 19.01.19 |

| | | | | |
|---|---|---|---|---|
| | | അടങ്കൽ - 200000 | | |
| 6. | 101 | വാർഡ് 9-ൽ അരീക്കൽ ഭാഗം മുളയ്ക്കൽപടി അരീക്കൽമേക്ക് സൈഡ് കെട്ട്<br>അടങ്കൽ - 190000 | ശ്രീ മധുസൂദനൻ നായർ | 75/AE/LSGD/ELNTR/18-19, Dt. 21.01.19 |
| 7. | 111 | വാർഡ് 12-ൽ ഇലന്തൂർ ഹരിജൻ സൊസൈറ്റി വെള്ളിക്കര റോഡ് സംരക്ഷണഭിത്തി<br>അടങ്കൽ - 200000 | ശ്രീ ഗോപിനാഥൻ നായർ | 39/AE/LSGD/ELNTR/18-19, Dt. 29.11.18 |
| 8. | 183 | വാർഡ് 3-ൽ മുത്തേരിപ്പടി മുഞ്ഞനാട്ടുപടി റോഡ് സംരക്ഷണം ഐറിഷ് ഓടനിർമ്മാണം<br>അടങ്കൽ - 490000 | ശ്രീ വിനീത് രാജൻ | 70/AE/LSGD/ELNTR/18-19, Dt. 19.01.19 |
| 9. | 184 | വാർഡ് 3-ൽ കുറ്റിയിൽപ്പടി നിരന്ന നിലത്തുപ്പടി റോഡ് ടാറിംഗ് ഐറിഷ് ഓടനിർമ്മാണം<br>അടങ്കൽ - 350000 | ശ്രീ സന്തോഷ് കുമാർ | 55/AE/LSGD/ELNTR/18-19, Dt. 10.01.19 |

ടെണ്ടർ ചെയ്ത് കരാർ നൽകിയതിനുശേഷമാണ് പ്രവൃത്തികൾ ഒഴിവാക്കിയിട്ടുള്ളത്. കരാറിലേർപ്പെട്ട പ്രവൃത്തികൾ ഒഴിവാക്കുന്നതിനു മുമ്പായി കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടില്ല. കരാറുകാർക്ക് നോട്ടീസ് നൽകുകയോ, അടയ്ക്കൽ കരാർ (Closure Agreement) വച്ച് കരാർ അസ്ഥിരപ്പെടുത്തുകയോ ചെയ്യാതെ പ്രവൃത്തികൾ ഉപേക്ഷിച്ചത് നിയമ വിരുദ്ധമായ നടപടിയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രാബല്യത്തിലുള്ള ടി കരാറുകൾ യഥാവിധി ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

അടിസ്ഥാന സേവനങ്ങളുടെ സമ്പൂർണ്ണത ഉറപ്പുവരുത്തുന്നതിനാണ് പഞ്ചായത്തുകൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നത്. ഓഡിറ്റ് വർഷം പഞ്ചായത്ത് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് റോഡ് കോൺക്രീറ്റിംഗിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 29 പ്രവൃത്തികൾക്കായി 5186700 രൂപയാണ്

റോഡ് കോൺക്രീറ്റിംഗിനായി വകമാറ്റിയിട്ടുള്ളത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ മാർഗരേഖയിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ഉപയോഗം കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതനുസരിച്ച് റോഡ് സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമായല്ലാതെ പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് നടത്താവുന്നതല്ല. നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി കോൺക്രീറ്റിംഗ് ആവശ്യമാണെന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്താതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഈ ആവശ്യത്തിന് വകയിരുത്തിയത് ക്രമപ്രകാരമല്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഈ.ബി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിക്ഷേപിച്ചിട്ടുള്ള താഴെപ്പറയുന്ന തുകകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു.

| ഏജൻസി | തുക |
|---|---|
| കേരള വാട്ടർ അതോറിറ്റി | 15,55,000 |
| കെ.എസ്.ഈ.ബി | 14,04,186 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 3,39,223 |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അഡ്വാൻസ് നൽകിയ തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.05/22.06.21) മറുപടി ലഭ്യമാക്കിയില്ല. ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകകൾക്ക് അടിസ്ഥാനമായ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണ സാക്ഷ്യപത്രം വാങ്ങി തുകകൾ ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് KSEB, KWA, Ground Water Department എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | 1. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം<br>SO 11/20<br>2. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം<br>SO 15/20 |
| അടങ്കൽ തുക | 1. 3,00,000 (SCP) (SO 11/20)<br>2. 30,000 (Gen) (SO 15/20) |

| | |
|---|---|
| ചെലവ് തുക | 2,96,450 Bill No. 04/19-20/16.10.19 (SO 11/20)<br>26,950 Bill No. 05/19-20/16.10.19 (SO 15/20) |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ടി പദ്ധതികളുമായി ബന്ധപ്പെട്ട് 12 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഓപ്പൺ ടെണ്ടറിലൂടെയാണ് ലാപ് ടോപ്പുകൾ സമാഹരിച്ചത്. 16.09.2019-ന് നടന്ന ടെണ്ടറിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ചെസ് നെറ്റ് ഐറ്റി സൊല്യൂഷൻ എന്ന സ്ഥാപനത്തിൽ നിന്നാണ് 26,950 രൂപയുടെ 12 ലാപ് ടോപ്പുകൾ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

A. സർക്കാർ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ ആവിഷ്കരിച്ച CPRCS സംവിധാനത്തിലൂടെ മാത്രമേ ഐ.ടി. ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളു എന്ന് ഐ.ടി സെൽ-1/26/19/വി.സാ.വ തീയതി 18.03.2019 സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. CPRCS പോർട്ടലിൽ ലഭ്യമായ കമ്പ്യൂട്ടറുകളും ലാപ് ടോപ്പുകളും വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദനീയമല്ല എന്ന് സർക്കാർ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി CPRCS സംവിധാനം ഉപയോഗപ്പെടുത്താതെ ഓപ്പൺ ടെണ്ടർ സ്വീകരിച്ചത് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/18.06.21) അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടിയിൽ, CPRCS സംവിധാനം വഴി വാങ്ങിയാൽ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ആനുകൂല്യം ലഭ്യമാകില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഓപ്പൺ ടെണ്ടർ സ്വീകരിച്ചതെന്ന് പരാമർശിക്കുന്നു. എന്നാൽ ഇതിനെ സാധൂകരിക്കുന്ന തീരുമാനങ്ങൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയോ ജനറൽ കമ്മിറ്റിയോ കൈക്കൊണ്ടിട്ടില്ല. ഭാവിയിൽ ഐ.റ്റി.ഉപകരണങ്ങൾ വാങ്ങുന്നതിന്, സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി CPRCS സംവിധാനം ഉപയോഗപ്പെടുത്തേണ്ടതും ആയതിന് വിരുദ്ധമായി നടത്തുന്ന വാങ്ങൽ നടപടികളിലൂടെ ഉണ്ടാകുന്ന ബാധ്യതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാകുന്നതും ആണ്.

B. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ പദ്ധതിയുടെ ഭാഗമായി ലാപ് ടോപ്പ് ലഭിച്ച അതുല്യ സാബു, അതുല്യാ ഭവൻ, ഇലന്തൂർ; അഖില എ.എസ്, കല്ലുഴത്തിൽ, നെല്ലിക്കാല എന്നീ ഗുണഭോക്താക്കൾ ഗ്രാമസഭ അംഗീകരിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്ക് ആനുകൂല്യം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയും തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്വന്തം തീരുമാനപ്രകാരമാണ് ഇവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാണ്. ഗ്രാമസഭയുടെ അംഗീകാരമോ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമോ ഇല്ലാതെ തെരഞ്ഞെടുത്ത ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 53,900 രൂപ (26950 X 2) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടിക്ക് അടുത്ത ഗ്രാമസഭയോഗത്തിൽ സാധൂകരണം വാങ്ങി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ഓ.ഡി.എഫ്- ഗുണഭോക്താക്കളെ ഗ്രാമസഭയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ODF, SO 207/20 |
| അടങ്കൽ തുക | 12,785 (വികസനഫണ്ട് ജനറൽ)<br>2,16,000 (കേന്ദ്ര വിഹിതം)<br>48,415 (തനത്ഫണ്ട്) |
| ചെലവ് തുക | 84700, Cheque No.8717/30.12.19<br>24000, Cheque No.8732/05.02.20<br>6800, Bill No.21/24.02.20<br>40215, Cheque No.8829/17.03.20<br>5985, Bill No.39/25.03.20 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയുടെ ഭാഗമായി 11 ഗുണഭോക്താക്കൾക്ക് 15,400 വീതം ആനുകൂല്യം നൽകി. ഇതിൽ 1,61,700 രൂപ ഓഡിറ്റ് വർഷവും അവശേഷിച്ച 7700 രൂപ 20-21 സാമ്പത്തിക വർഷം സ്പിൽ ഓവറായുമാണ് നൽകിയത്. സ്വച്ഛ് ഭാരത് മിഷന്റെ ഓ.ഡി.എഫ്. യജ്ഞത്തിന്റെ

ഭാഗമായി അർഹത ഉണ്ടായിട്ടും ഏതെങ്കിലും കാരണത്താൽ ഒഴിവാക്കപ്പെട്ട വ്യക്തികളെ, പ്രത്യേക സർവ്വേ നടത്തി കണ്ടെത്തി ആനുകൂല്യം നൽകുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി രൂപീകരിച്ചത്. സർവ്വേ നടത്തി തിരഞ്ഞെടുത്ത ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയോ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ഗ്രാമസഭയിൽ നിന്ന് സാധൂകരണം വാങ്ങുകയോ ചെയ്തിട്ടില്ല. ഇതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/24.06.21), ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരവും ഗ്രാമസഭയുടെ സാധൂകരണവും വാങ്ങി ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിന് ബന്ധപ്പെട്ട അധികാര സ്ഥാനങ്ങൾ അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ ഇവയുടെ അംഗീകാരം ലഭ്യമാകുന്നത് വരെ ചെലവ് തുക 1,61,700 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 ഭവന നിർമ്മാണ, ഭവന പുനരദ്ധാരണ പദ്ധതികളിൽ മുൻകൂർ കൈപ്പറ്റിയവർ പ്രവൃത്തി പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന ഭവന നിർമ്മാണ, ഭവന പുനരുദ്ധാരണ പ്രവൃത്തികൾക്ക് ആദ്യ ഗഡു അഡ്വാൻസ് തുക കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് സബ്സിഡി പൂർണ്ണമായും കൈപ്പറ്റിയിട്ടില്ല.

(A)

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് വാസയോഗ്യമാക്കൽ (ജനറൽ), SO 113/20 |
| അടങ്കൽ തുക | 15,25,800 (വികസനഫണ്ട് ജനറൽ)<br>34,200 (തനത് ഫണ്ട്) |
| ചെലവ് തുക | 15,00,000 (വികസനഫണ്ട്) |

പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡുവായി അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് അവശേഷിക്കുന്ന സബ്സിഡിത്തുക കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സജികുമാർ<br>കാഞ്ഞിരത്തറയിൽ, ഇടപ്പരിയാരം | 30,000<br>Bill No. 06/18.11.19 |
| 2 | എം.കെ.ആനന്ദവല്ലി<br>ജ്യോതി ഭവനം, ഇലന്തൂർ | 30,000<br>Bill No. 10/27.12.19 |

(B)

| | |
|---|---|
| പദ്ധതിയുടെ പേര് | വീട് വാസയോഗ്യമാക്കൽ (SCP), SO 134/20 |
| അടങ്കൽ തുക | 13,00,000(SCP) |
| ചെലവ് തുക | 11,98,180 |

പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ഗുണഭോക്താവ് ആദ്യ ഗഡുവായി അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് അവശേഷിക്കുന്ന സബ്സിഡിത്തുക കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സജി പി.പി.<br>വലിയകാലാ ലക്ഷം വീട്, ഇടപ്പരിയാരം | 50,000<br>Bill No. 16/10.01.20 |

(C)

| | |
|---|---|
| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി (SCP), SO 17/20 |
| അടങ്കൽ തുക | 12,85,020 (SCP)<br>3,14,980 (മറ്റുള്ളവ) |
| ചെലവ് തുക | 8,80,000 |

പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡുവായി അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ഭവന പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ച് അവശേഷിക്കുന്ന സബ്സിഡിത്തുക കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ഓമന സി.കെ.<br>നെടുവേലി മുരുപ്പേൽ, പരിയാരം | 40,000<br>Bill No. 42/30.03.20 |
| 2 | സജി.എം.കെ.<br>മൂട്ടിത്തോട്ടത്തിൽ നികരിയിൽ, പരിയാരം | 40,000<br>Bill No. 42/30.03.20 |

ടി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് അവശേഷിക്കുന്ന സബ്സിഡിത്തുക നാളിതുവരെ കൈപ്പറ്റിയിട്ടില്ലെന്ന് നിർവ്വഹണ ഉദ്യാഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തി അവശേഷിക്കുന്ന സബ്സിഡിത്തുക നൽകി പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-22 സംയുക്ത പദ്ധതികൾക്കുള്ള അക്കൗണ്ടിൽ തുക അവശേഷിക്കുന്നു - മാർഗ്ഗരേഖയുടെ ലംഘനം

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ജില്ല/ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നും ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 2019-20 വർഷാന്ത്യത്തിൽ 531658 രൂപ ചെലവാകാതെ അവശേഷിച്ചു. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംയുക്ത പ്രോജക്ടുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്ടുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്ടിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്നു വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. ഭാവിയിൽ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ തുക ക്രഡിറ്റ് ചെയ്യുന്നതിനു മുമ്പായി അക്കൗണ്ട് ശൂന്യമാണെന്ന് (Zero Balance) ട്രഷറി ഓഫീസർമാർ ഉറപ്പുവരുത്തണമെന്നും ടി ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല

ഓഡിറ്റ് വർഷം പഞ്ചായത്ത് 97 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 42438 രൂപ പ്രതിമാസം വാട്ടർ അതോറിട്ടിയിൽ ഒടുക്കിയിട്ടുണ്ട്. തദ്ദേശഭരണ വകുപ്പിന്റെ 21.02.019-ലെ ഡി.എ.1/17/2019/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി സംയുക്ത പരിശോധന നടത്തണമെന്നും, കോളനികളിലെ പൊതുടാപ്പുകൾ ഒഴികെ മറ്റുള്ള സ്ഥലങ്ങളിലെ പ്രവർത്തന രഹിതമായ ടാപ്പുകൾ ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിന് പഞ്ചായത്ത് നടപടി

സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം കൃത്യമാക്കി, വെള്ളക്കരമിനത്തിൽ അധികച്ചെലവുണ്ടായിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 അഗതിരഹിത കേരളം-പദ്ധതി അവലോകനം

സമൂഹത്തിലെ അശരണരും നിരാലംബരുമായവർക്ക് സാമൂഹ്യാധിഷ്ഠിത സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനാണ് സംസ്ഥാന സർക്കാർ കുടുംബശ്രീ മുഖേന ആശ്രയ പദ്ധതി നടപ്പിലാക്കിയത്. ആശ്രയ പദ്ധതി രണ്ട് ഘട്ടം പിന്നിട്ടപ്പോൾ, നിലവിലെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും തുടർന്നും സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷമാണ് അഗതിരഹിത കേരളം പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. 2021-22 വരെയാണ് ഗ്രാമപഞ്ചായത്തിലെ പദ്ധതി കാലയളവ്.

പദ്ധതി പ്രകാരമുള്ള ഫണ്ട് വകയിരുത്തൽ

സംസ്ഥാന സർക്കാർ അംഗീകരിച്ച അഗതിരഹിത കേരളം പദ്ധതി പ്രകാരം വകയിരുത്തിയ വിവിധ ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | മൂന്നാം ഘട്ടം | ആകെ |
|---|---|---|---|---|
| പ്ലാൻ ഫണ്ട് | 22,82,000 | 32,47,000 | 20,22,000 | 75,51,000 |
| ചലഞ്ച് ഫണ്ട് | 7,77,526 | 7,77,526 | 7,77,526 | 23,32,578 |
| ഡിപ്പാർട്ട്മെന്റ് ഫണ്ട് | 8,00,000 | 24,00,000 | 12,00,000 | 44,00,000 |
| ആകെ | 38,59,526 | 64,24,526 | 39,99,526 | 1,42,83,578 |

ഇതിൽ, 2019-20 സാമ്പത്തിക വർഷം പ്ലാൻഫണ്ട് ഇനത്തിൽ 2,75,000 രൂപയും ചലഞ്ച് ഫണ്ട് ഇനത്തിൽ 7,67,183 രൂപയും അനുവദിച്ച് നൽകിയത് അഗതിരഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്.

മതിയായ പ്ലാൻഫണ്ട് അനുവദിക്കുന്നില്ല

2019-20 സാമ്പത്തിക വർഷം ആശ്രയ ഒന്നാം ഘട്ട പദ്ധതിയ്ക്ക് 22,82,000 രൂപയാണ് പ്ലാൻ ഫണ്ട് ഇനത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് 2,75,000 രൂപ മാത്രമാണ് തൻവർഷം അനുവദിച്ചത്. ആശ്രയാ ഗുണഭോക്താക്കളോടുള്ള ഗ്രാമപഞ്ചായത്തിന്റെ ഈ സമീപനം ആശാസ്യമല്ല. തദ്ദേശസ്ഥാപനങ്ങൾ വകയിരുത്തുന്ന വികസനഫണ്ടിലെ തുക അതിജീവനാവശ്യങ്ങൾ, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി പദ്ധതിയുടെ എല്ലാ ഘടകങ്ങൾക്കും ഉപയോഗിക്കാവുന്നതാണ് എന്നിരിക്കെ ഈയിനത്തിൽ ശുഷ്കമായ തുകമാത്രം വകയിരുത്തി അനുവദിക്കുന്നതുമൂലം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യത്തെ പരാജയപ്പെടുത്തുന്നു. ആയതിനാൽ വാർഷിക പദ്ധതിയുടെ ഭാഗമായി അഗതിരഹിത കേരളം പദ്ധതിയ്ക്കായി മതിയായ പ്ലാൻ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ആശ്രയ പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല

അഗതിരഹിത കേരളം പദ്ധതിയ്ക്കായി പുതിയ ബാങ്ക് അക്കൗണ്ട് ആരംഭിക്കുമ്പോൾ ആശ്രയ പദ്ധതിയ്ക്കുള്ള പഴയ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന മുഴുവൻ തുകയും പുതിയ അക്കൗണ്ടിൽ ഓപ്പണിംഗ് ബാലൻസായി ചേർക്കണമെന്നും, അക്കൗണ്ട് അവസാനിപ്പിക്കുമ്പോൾ പഴയ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ ഘടകങ്ങളായ ചലഞ്ച് ഫണ്ട്, പലിശ എന്നിവ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ആശ്രയ പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്യാതെയാണ് അഗതിരഹിതകേരളം പദ്ധതിയ്ക്ക് പുതിയ ബാങ്ക് അക്കൗണ്ട് തുടങ്ങിയത്. അഗതിരഹിത കേരളം പദ്ധതി തുടങ്ങിയ സമയത്ത് ആശ്രയ അക്കൗണ്ടിൽ അവശേഷിച്ച തുകയുടെ (8,21,633 രൂപ) ഘടകങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ഈ അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് അഗതിരഹിതകേരളം പദ്ധതിയ്ക്കായി ചെലവഴിച്ച തുക പദ്ധതി പ്രകാരം അനുവദനീയമായ ഇനങ്ങൾക്ക് തന്നെയാണോ ചെലവഴിച്ചിട്ടുള്ളതെന്ന് ഉറപ്പാക്കുന്നതിന് കഴിഞ്ഞില്ല. അഗതിരഹിത കേരളം പദ്ധതി തുടങ്ങിയ സമയത്ത് അക്കൗണ്ടിൽ അവശേഷിച്ച തുകയുടെ ഘടകങ്ങൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും ടി തുകയിൽ നിന്ന് അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് തുക ചെലവ് ചെയ്തിട്ടുണ്ടെങ്കിൽ ടി തുക മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് ക്രമപ്പെടുത്തേണ്ടതുമാണ്. ആശ്രയ പദ്ധതിയുടെ അക്കൗണ്ട് അടിയന്തിരമായി ക്ലോസ്സ് ചെയ്ത് ബാലൻസ് തുക അഗതിരഹിത കേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ അഗതിരഹിത കേരളം പദ്ധതി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നില്ല

അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഭവനരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീടും അനുവദിച്ച് നൽകിയതിന് ശേഷമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ആവശ്യത്തിനായി മറ്റ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുവാൻ പാടുള്ളൂ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ഭവനരഹിതരായ 23 അഗതി ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇവർക്ക് ആർക്കും വീട് അനുവദിച്ചിട്ടില്ല. അതുപോലെതന്നെ ഭവന പുനരുദ്ധാരണത്തിന് സഹായം ലഭ്യമാകേണ്ട 26 അഗതി ഗുണഭോക്താക്കളേയും വാർഷിക പദ്ധതിയിൽ പരിഗണിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് സവിശേഷ പരിഗണന നൽകുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-25 ആസ്തി സംരക്ഷണത്തിൽ വീഴ്ച - സ്റ്റേഡിയം വക സ്ഥലം റവന്യൂ രേഖകളിൽ പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് നടത്തിയിട്ടില്ല</u>

ആസ്തി രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സ്റ്റേഡിയം വക സ്ഥലം 58.87 സെന്റാണ്. ഈ സ്ഥലം 2 വിധത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതാണ്. 53 സെന്റ് വസ്തു ഗ്രാമവികസന സമിതി വിലയ്ക്ക് വാങ്ങി ഗ്രാമപഞ്ചായത്തിന്റെ പേരിൽ ദാനാധാരം ചമച്ച് നൽകിയതും, ശേഷിച്ച സ്ഥലം പഞ്ചായത്ത് ലാന്റ് അക്വിസിഷൻ നടപടികളിലൂടെ ഏറ്റെടുത്തിട്ടുള്ളതുമാണ്. ഓഡിറ്റിന് ലഭ്യമായ രേഖകൾ പ്രകാരം സ്റ്റേഡിയം വക സ്ഥലം അളന്ന് തിട്ടപ്പെടുത്തുകയോ, നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നാളിതുവരെയായി പഞ്ചായത്തിന്റെ കൈവശത്തിലാക്കുകയോ ചെയ്തിട്ടില്ല. സ്റ്റേഡിയം സംബന്ധിച്ച ഒരു കേസ് പത്തനംതിട്ട സബ് കോടതിയിൽ നിലവിലുണ്ടായിരുന്നതായും, കേസ് നടത്തിപ്പിന്റെ ഭാഗമായി വസ്തുവിന്റെ പ്രമാണങ്ങൾ വക്കീലിന്റെ കൈവശത്തിലാണെന്നും മിനിട്സ് പരിശോധിച്ചതിൽനിന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ കേസ് ഫയൽ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ കേസിന്റെ വിശദാംശങ്ങളും, നിലവിലെ സ്ഥിതിയും അറിയാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15, തീയതി 25.06.2021) അധികൃതർ മറുപടി ലഭ്യമാക്കിയില്ല. ഈ സ്ഥലത്തിന്റെ പ്രമാണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പകർപ്പെടുത്ത് വില്ലേജ് റിക്കാർഡുകളിൽ ചേർത്ത് പേരിൽ പോക്കുവരവ് നടത്തി പഞ്ചായത്തിന്റെ ആസ്തിയായി സംരക്ഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-26 പാലിയേറ്റീവ് കെയർ - മരുന്നും ഉപകരണങ്ങളും ലഭിച്ചില്ല</u>

ഇലന്തൂർ സാമൂഹ്യ ആരോഗ്യകേന്ദ്രം മുഖേന നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിക്കുള്ള മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ പണം മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര് | ഇനം | അടച്ച | ലഭ്യമായ | ലഭിക്കാൻ |
|---|---|---|---|---|

| | | തുക | മരുന്നിന്റെ വിവരം (തുകയിൽ) | ബാക്കിയുള്ളത് (തുകയിൽ) |
|---|---|---|---|---|
| പാലിയേറ്റിവ് കെയർ (പ്രോജക്ട് നം.S0088/2020) | മരുന്ന് | 400000 | 282349 | 117651 |
| | ഉപകരണങ്ങൾ | 150000 | 32014 | 117986 |
| ആകെ | | 550000 | 314363 | 235637 |

മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 അങ്കണവാടികൾക്ക് അടിസ്ഥാന സൌകര്യങ്ങൾ കുറവ്

പതിനെട്ട് അങ്കണവാടികളാണ് ഗ്രാമപ്പഞ്ചായത്തിനുള്ളത്. ഇവയിൽ ഒൻപതെണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. എല്ലാ അങ്കണവാടികളും വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും നാലെണ്ണത്തിന് സ്വന്തമായി കുടിവെള്ള സൌകര്യം ഇല്ല. അഞ്ച് അങ്കണവാടികൾക്ക് മാത്രമേ ചുറ്റുമതിൽ ഉള്ളൂ. ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഉള്ളത് ആറെണ്ണത്തിനു മാത്രമാണ്.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രണ്ട് അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉപയുക്തമായ റവന്യൂ പുറമ്പോക്ക് ഭൂമി ലഭ്യമാണെന്ന് ശിശുവികസന ഓഫീസർ അറിയിച്ചു.

പതിമൂന്നാം പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാകും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കണമെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്) നം.11/2018/തസ്വഭവ തീയതി29.01.2018] ഖണ്ഡിക 7.8.2ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവ് പൂർത്തിയാകാറായിട്ടും ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് ഉദാസീന സമീപനം തുടരുന്നു. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം ഉൾപ്പെടെ ഉപയോഗപ്പെടുത്തി, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും, മറ്റ് അടിസ്ഥാന സൌകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 21.06.2021 | |

## 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 223819 | പാലിയേറ്റീവ് കെയർ | 223819 | ൦ |
| | 2019-20 | 100000 | ആശ്രയ | 100000 | ൦ |
| | 2019-20 | 468342 | തൊഴിൽ പരിശീലന കേന്ദ്രം | 468342 | ൦ |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | പാലിയേറ്റീവ് കെയർ | 150000 | ൦ |
| | 2019-20 | 192300 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 192300 | ൦ |
| | | 75000 | ആശ്രയ | 75000 | ൦ |
| | | 170000 | നെൽകൃഷി വികസനം | 170000 | ൦ |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | വൈദ്യുതി ലൈൻ നീട്ടൽ | 441158 | ൦ | 441158 |
| KSEB | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 89680 | ൦ | 89680 |
| KWA | വലിയവട്ടം അംബേദ്കർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 140000 | ൦ | 140000 |
| KWA | നെട്ടമുരുപ്പ് എസ്.സി. കോളനി പൈപ്പ് ലൈൻ നീട്ടൽ | 394000 | ൦ | 394000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | KURDFC | 400000 | 0 | 264000 | 136000 | 400000 |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-6 | 4550 | ശ്രീമതി ഫാത്തിമാബീവി റ്റി.ആർ., അസിസ്റ്റന്റ് സെക്രട്ടറി | 119110100731/03.06.2019<br>119110100836/14.06.2019<br>119110100837/14.06.2019 |
| 2017-18 | 3-7 | 11266 | ശ്രീ. നിധീഷ് ചന്ദ്രൻ, വി.ഇ.ഒ. | 119110400015/27.02.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2.1 | 2016-17 | വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധാന്തി ഉണ്ടാകുന്നില്ല | പരാമർശങ്ങൾ നിലനിൽക്കുന്നു |
| 2014-15 | 2.8 | 2016-17 | തൊഴിൽ നികുതി | |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

തൻവർഷം ഈ ഇനത്തിൽ വരവില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : | 55827143 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 45861209 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 215600 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 53900 | സി.കെ.രാധാകൃഷ്ണൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-21 | 161700 | രാഹുൽ കെ.ആർ., വി.ഇ.ഒ. |
| ആകെ | 215600 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാഹുൽ കെ.ആർ., വി.ഇ.ഒ. | വി.ഇ.ഒ. ഇലന്തൂർ ഗ്രാമപ്പഞ്ചായത്ത് | കെ.കെ.സദനം, പള്ളിക്കൽ, നൂറനാട് പി.ഒ. 690504 |
| സി.കെ.രാധാകൃഷ്ണൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, കരുവാരക്കുണ്ട് ഗ്രാമപ്പഞ്ചായത്ത്, മലപ്പുറം | ചാക്കശ്ശേരിൽ വീട്, കൈപ്പട്ടൂർ പി.ഒ., പത്തനംതിട്ട |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.2/586/01 തീയതി 29.10.01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ.പി.3/511/02 തീയതി 11.12.02 |
| | |

| | |
|---|---|
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി.2/228/04 തീയതി 14.03.05 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.2/741/04 തീയതി 12.05.05 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.11/367/08 തീയതി 30.06.09 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.11/73/10 തീയതി 31.10.10/30.12.10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.6/566/11 തീയതി 21.11.11/11.03.13 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.6/567/11 തീയതി 30.11.11 |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.6/40/13 തീയതി 22.03.13 |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ.പി.5/399/14 തീയതി 04.10.14 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ.പി.5/573/15 തീയതി 13.07.15/15.07.15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.5/608/16 തീയതി 02.06.16 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.5/55/17 തീയതി 13.02.17 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.5/660/17 തീയതി 16.6.17 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.5/ /18 തീയതി 22.09.18 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.5/780 /19 തീയതി 17.09.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്